LIBRARY ARCHIVES Kerala Legislative Assembly

ഏലത്തൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

252 (4003) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ മരാമത്ത് പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം, പദ്ധതി തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഏലത്തൂർ നിയോജക മണ്ഡലത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ മരാമത്ത് പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം, പദ്ധതി തിരിച്ച് കെട്ടിടം, ദേശീയപാത, നിരത്തുവിഭാഗങ്ങൾ എന്നീ ക്രമത്തിൽ അനുബന്ധം 1-ഉം 2-ഉം 3-ഉം ആയി ചേർത്തിരിക്കുന്നു.*

(ബി-ഡി) പാലത്തു പാലൊളിത്താഴം റോഡിൽ കിലോമീറ്റർ 0/000 മുതൽ 4/400 വരെ അഭിവൃദ്ധിപ്പെടുത്തൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം പൈപ്പുകൾ സ്ഥാപിക്കേണ്ടിവന്നതാണ് പണി പൂർത്തീകരിക്കാൻ കഴിയാത്തതിനു കാരണം. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ടെർമിനേറ്റ് ചെയ്യാൻ താൽപ്പര്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടെർമിനേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനുശേഷം പുതിയ കരാറുകാരനെ പണി ഏൽപ്പിക്കുന്നതാണ്.

ഊരത്തൂർ പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിട നിർമ്മാണം

253 (4004) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പടിയൂർ ഗ്രാമപഞ്ചായത്തിലെ ഊരത്തൂർ പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിട നിർമ്മാണത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.